പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1452

14/12/2012 - ൽ മറുപടിയ്ക്ക്

## റോഡ് നിർമ്മാണം ത്വരിതപ്പെടുത്താൻ നടപടി

ചോദ്യം
ശ്രീ. പി.തിലോത്തമൻ

ഉത്തരം
ശ്രീ.കെ.സി.ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

(എ) ഷാപ്പ് കവല - പാലത്തുങ്കൽ പാലം - ചാലിപ്പള്ളി - മണവേലി -വാരനാട് റോഡ് നിർമ്മാണം പൂർത്തീകരിക്കുവാൻ നിലവിലുള്ള തടസ്സം എന്താണ്: വ്യക്തമാക്കുമോ;

(എ) ഷാപ്പ് കവല - പാലത്തുങ്കൽ പാലം - ചാലിപ്പള്ളി - മണവേലി - വാരനാട് റോഡ് പ്രവൃത്തിയുടെ കരാർ ഏറ്റെടുത്ത വ്യക്തി പ്രവൃത്തി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തുകയും നബാർഡ് ആർ.ഐ.ഡി.എഫ്. X അനുമതി ലഭിച്ച പ്രവൃത്തികളുടെ റീഇമ്പേഴ്സ്മെന്റ് ക്ലെയിം അനുവദിക്കുന്നതിനുള്ള കാലാവധി 30/06/2010 ൽ അവസാനിച്ചതുമാണ് പ്രവൃത്തി പൂർത്തിയാക്കുന്നതിന് തടസ്സമായത്.

(ബി) ഈ റോഡ് ജോലിയിൽ നിന്നും നബാർഡ് പിൻമാറുകയും കോൺട്രാക്ടറുമായുള്ള പ്രശ്നങ്ങൾ ഓംബുഡ്സ്മാൻ ഗ്രാമവികസന വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്ത സാഹചര്യത്തിൽ എഗ്രിമെന്റ് അവസാനിപ്പിക്കുവാൻ കഞ്ഞിക്കുഴി ബ്ലോക്കിന് ഉത്തരവ് നൽകാത്തത് എന്തുകൊണ്ടാണ് ; വിശദമാക്കുമോ ;

(ബി) ഓംബുഡ്സ്മാന്റെ വിധിയുടെ അടിസ്ഥാനത്തിൽ നിയമം അനുശാസിക്കുന്ന പ്രകാരം തുടർ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൻമേൽ തീരുമാനം എടുത്ത് കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിനെ ഉടൻ അറിയിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(സി) ഈ റോഡിന്റെ നിർമ്മാണം പൂർത്തിയാക്കുവാൻ എന്തുനടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ; ഈ ജോലി എത്ര മാസങ്ങൾക്കുള്ളിൽ പൂർത്തീയാക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) റോഡിന്റെ പൂർത്തിയാക്കാത്ത ഭാഗം പ്രാദേശിക പദ്ധതി ഫണ്ടിലോ എം.എൽ.എ/എം.പി. എന്നിവരുടെ പ്രാദേശിക വികസന ഫണ്ടിലോ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ബ്ലോക്ക് പഞ്ചായത്തിന് നിർദ്ദേശം നൽകുന്നകാര്യം പരിഗണനയിലാണ്.

(ഡി) ഈ റോഡ് നിർമ്മാണം അടിയന്തിരമായി നടപ്പിലാക്കാൻ മറ്റെന്തെങ്കിലും തടസ്സം ഉണ്ടെങ്കിൽ ആയത് എന്താണ്; അത് പരിഹരിക്കേണ്ടത് എങ്ങനെയാണെന്ന്; വിശദമാക്കുമോ ?

(ഡി) ഈ റോഡ് പ്രവൃത്തി സർക്കാർ / ഓംബുഡ്സ്മാൻ നിർദ്ദേശ പ്രകാരം അവസാനിപ്പിച്ച്, പൂർത്തിയാക്കാനുള്ള ഭാഗത്തിനുള്ള തുക പ്രാദേശികമായി ലഭിക്കുന്ന വികസന ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ